

പൂമ്പാറ്റകൾ പൂക്കളോട്
പറയുന്നത്

## ഗവ:ഹയർസെക്കന്ററി സ്കൂൾ
## രാവണേശ്വരം

# പൂമ്പാറ്റകൾ പൂക്കളോട് പറയുന്നത്

## ലിറ്റിൽ കൈറ്റസ് ഡിജിറ്റൽ മാഗസിൻ



# ലിറ്റിൽ കൈറ്റ് അംഗങ്ങൾ

**അരുൺ കുമാർ ഒ.കെ**

**മിഥുൻ സി.കെ**

**അലൻ കെ സുരേഷ്**

**ലസ്ന കെ വി**

**വിപിന ഒ**

**ദേവിക ഒ**

**നവ്യ പി എ**

**അശ്വതി സി**

**രസ്ന കെ**

**ശരണ്യ കെ**

**ചാന്ദിനി ടി**

**നന്ദന ടി കെ**

**ദിൽഷഗണേശൻ കെ എ**

**നമിരാജ് ഇ**

**നിധീഷ് പി പി**

**വൈഷ്ണവ് എ**

**ശീതൾ ശശിധരൻ**

**** ലിറ്റിൽ കൈറ്റ് മാസ്റ്റർ : അനിൽ കുമാർ എം കെ***

**** ലിറ്റിൽ കൈറ്റ് മിസ്ട്രസ്: റീന വി വി***

# ലിറ്റിൽ കൈറ്റ്സ് 2018-19
# പത്രാധിപസമിതി

ചീഫ് എഡിറ്റർ : ശ്യാമള കെ(ഹെഡ്മിസ്ട്രസ്)

സ്റ്റാഫ് എഡിറ്റർ : റീന വി വി(ലിറ്റിൽ കൈറ്റ് മിസ്ട്രസ്)

അനിൽകുമാർ എം കെ : (ലിറ്റിൽ കൈറ്റ്സ് മാസ്റ്റർ)

ജോയിന്റ് എഡിറ്റർ : ദീപ രാജീവൻ

സ്റ്റുഡന്റ് എഡിറ്റർ : മുഹമ്മദ് റിസ്വാൻ

സമിതി അംഗങ്ങൾ : അരുൺ കുമാർ ഒ കെ

നന്ദന നാരായണൻ എം കെ

അലൻ കെ സുരേഷ്

അതുൽ ടി വി

# ഏടുകളിലൂടെ

1.ആമുഖം

2.എഡിറ്ററുടെ അടയാളപ്പെടുത്തൽ

3.പുനരധിവാസം

4.പുതപ്പ്

5.മൂകസാക്ഷി

6.എന്തിനി ചൂഷണം പ്രകൃതിയോട്

7.നിന്നോട് പറയാനുള്ളത്

8.അമ്മ

## ആമുഖം

ഒരു നാടിനു മുഴുവൻ അക്ഷരവെളിച്ചം നൽകിക്കൊണ്ടിരിക്കുന്ന ഈ വിദ്യാലയം 1928 ലാണ് നിലവിൽ വന്നത്. രാവണീശ്വരം മാക്കിയിൽ തളാപ്പ് കൃഷ്ണൻ നായരുടെ നേതൃത്വത്തിൽ നാട്ടുകാരാണ് ഒരു പ്രൈമറി സ്ക്കൂൾ എന്ന സ്വപ്നം യാഥാർത്ഥ്യമാക്കിയത്. തുടക്കത്തിൽ ഒരു ഓല ഷെഡ്ഡിലാണ് പ്രവർത്തനം തുടങ്ങിയത്.പിന്നീട് ഒരു കമ്യൂണിറ്റി ഹാളിലാണ് തുടർന്നുള്ള ക്ലാസ്സുകൾ നടത്തിയത്. കുട്ടികളുടെ ലഭ്യത സ്ക്കൂളിന്റെ നിലനിൽപ്പിനെ ബാധിക്കുമെന്നായപ്പോൾ അന്നത്തെ ഹെഡ്മാസ്റ്ററായി  കോരൻ മാസ്റ്ററുടെ നേതൃത്വത്തിൽ നാട്ടുകാർ സംഘടിച്ച് കുട്ടികളെ എത്തിക്കുകയായിരുന്നു. പിന്നീട് നാട്ടുകാരുടെയും രാഷ്ട്രീയ–സാമൂഹ്യ പ്രസ്ഥാനങ്ങളുടയും നിരന്തരമായ പരിശ്രമത്തിന്റെ ഫലമായി 1954 ൽ ഈ വിദ്യാലയം യു.പി ആയും തുടർന്ന് ഹയർസെക്കൻഡറിയായും ഉയർത്തപ്പെടുകയുണ്ടായി. 1954 ന ശേഷമാണ് ഇന്നു കാണുന്ന തരത്തിലുള്ള കെട്ടിടങ്ങൾ നമുക്ക് സ്വന്തമായി ലഭിക്കുന്നത്.മുൻ ഹെഡ്മാസ്റ്റർ, ടി കുഞ്ഞികൃഷ്ണൻ നായർ സ്വന്തമായി ഒരു കെട്ടിടം നിർമ്മിച്ച് സ്ക്കൂളിന് നൽകിയിരുന്നു.

നിലവിൽ ഈ വിദ്യാലയത്തിൽ മലയാളം മാധ്യമത്തിലുള്ള ക്ലാസുകൾക്ക് പുറമേ പ്രി–പ്രൈമറി ക്ലാസ്സും 1,5,8,9,10 ക്ലാസുകളിൽ സമാന്തര ഇംഗ്ലീഷ് മീഡിയം ക്ലാസുകളും നടന്നു വരുന്നു.

ഹയർസെക്കന്ററിയിൽ സയൻസ്, ഹ്യൂമാനിറ്റീസ്,കൊമേഴ്സ് എന്നീ 3 ഗ്രൂപ്പുകളിലും പഠനം നടന്നു വരുന്നു. തികച്ചും ഗ്രാമീണ അന്തരിക്ഷത്തിൽ നിന്നും വരുന്ന കുട്ടികളാണെങ്കിലും അധ്യാപകരുടെയും രക്ഷിതാക്കളുടെയും കുട്ടികളുടെയും കൂട്ടായ പരിശ്രമഫലമായി എസ്.എസ്.എൽ.എസി പരീക്ഷയിൽ കഴിഞ്ഞ 5 വർഷം 100% വിജയം നേടാൻ സാധിച്ചു. ഹയർസെക്കന്ററി വിഭാഗത്തിലും മികച്ച വിജയം നേടാൻ കഴിഞ്ഞിട്ടുണ്ട്. പഠനത്തോടൊപ്പം കലാ കായിക പാഠ്യേതര പ്രവർത്തനങ്ങളിലും നല്ല നിലയിലുള്ള പരിശീലനവും പ്രോത്സാഹനവും കുട്ടികൾക്ക് നൽകി വരുന്നു. വ്യക്തിത്വ വികസനത്തിലൂന്നി വിവിധതരം ക്ലബ്ബുകൾ, എൻ. എസ്. എസ്, ജെ.ആർ.സി. പെൺകുട്ടികളുടെ സ്വരരക്ഷയ്ക്കായി തെയ്ക്കോണ്ടോ പോലുള്ള യൂണിറ്റുകളും ഈ വിദ്യോലയത്തിൽ പ്രവർത്തിച്ചുവരുന്നു.ഈ സ്കൂളിലെ പൂർവ്വവിദ്യാർത്ഥികൾ സമൂഹത്തിന്റെ നാനാ തുറകളിൽ ഉന്നത നിലയിലെത്തുകയും സമൂഹത്തിനും നാടിനും വേണ്ടി പ്രവർത്തിച്ചു വരികയുമാണ്.വിദ്യോലയ വികസന കാര്യങ്ങളിൽ തൽപരരുമാണ്. ഈ നാടിന്റെ യശസ്സ് ഉയർത്തിപ്പോരുന്ന ഈ സർക്കാർ വിദ്യാലയത്തെ കൂടുതൽ പരിപോഷിപ്പിക്കുന്നതിനും ശിശു സൗഹൃദമാക്കുന്നതിനും മികവിന്റെ കേന്ദ്രമാക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ അധ്യാപകരുടെയും അനധ്യാപകരുടെയും നാട്ടുകാരുടെയും വിദ്യാർത്ഥികളുടെയും കൂട്ടായ്മ അങ്ങേയറ്റം സ്തുത്യർഹമാണ്.

# എഡിറ്ററുടെ അടയാളപ്പെടുത്തൽ.......

സ്നേഹബന്ധങ്ങളും, മറ്റു മൂല്യങ്ങളും വറ്റിപ്പോയിക്കൊണ്ടിരിക്കുന്ന വർത്തമാന കാലത്തിന്റെ യാന്ത്രിക പരിസരങ്ങളിൽ പച്ചയായ മനുഷ്യനായി ജീവിക്കുക എന്നത് ഏറ്റവും വലിയ വെല്ലുവിളിയായിത്തീർന്നിരിക്കുന്നു.കലയും സാഹിത്യവും മനുഷ്യനെ സ്നേഹിക്കാൻ പഠിപ്പിക്കുകയും, ബന്ധങ്ങളുടെ മഹത്വം മനസ്സിലാക്കിക്കൊടുക്കുകയും ചെയ്യുന്നു. പൂമ്പാറ്റകൾ പൂക്കളോട് പറഞ്ഞത് നമ്മുടെ സ്നേഹമാണ്,ആർദ്രതയാണ്,നൊമ്പരമാണ്;അതിനുമപ്പുറം സമൂഹത്തെക്കുറിച്ചുള്ള;നമ്മുടെതന്നെ ബോധ്യങ്ങളുടെ പ്രതിനിധാനങ്ങളാണ്....നാളെയെക്കുറിച്ചുള്ള സ്വപ്നങ്ങളാണ് പ്രതീക്ഷകളാണ്.... സ്നേഹാദരങ്ങളോടെ സഹൃദയ സമക്ഷം സമർപ്പിക്കുന്നു.

# പുനരധിവാസം

വേണം പുനരധിവാസമവൾക്ക്
അവൾ കണ്ണീരുപ്പിലിട്ടു നീറ്റിയ സ്വപ്നങ്ങൾക്ക്
വീടിന്റെ അകത്തളങ്ങളിൽ അടുക്കിവെച്ച
നെടുവീർപ്പുകൾക്ക്
സ്വന്തം പുരുഷനും കുഞ്ഞുങ്ങളും
പങ്കിട്ടെടുത്തിട്ടില്ലാത്ത
അവളുടെ മാത്രം സമയലോകങ്ങളിലെ
രാജസിംഹാസനങ്ങൾക്ക്
ഇളവെയിലിൽ പൂത്തുനില്ക്കുന്ന
പത്തുമണിപ്പൂക്കളിൽ അടയാളപ്പെട്ട
അവളുടെ വിരൽസ്പർശങ്ങൾക്ക്
കുറുമ്പുകാട്ടുന്ന കുരുന്നിന്റെ പൂങ്കവിളിൽ
നക്ഷത്രമായ് വിരിയുന്ന അവളുടെ ഉമ്മകൾക്ക്
അതിഥികൾക്കു മുമ്പിൽ ഹൃദ്യമായ് വിരിയുന്ന
അവളുടെ മുല്ലപ്പൂ സ്മേരത്തിന്
സായം സന്ധ്യയിൽ അനുവാദമില്ലാതെ കടന്നു വന്ന്
ചിക്കിച്ചികയുന്ന ഓർമകൾക്ക്
വേണം പുനരവധിവാസം
പ്രളയജലത്തിൽ തേച്ചുമായ്ക്കപ്പെട്ടോ
അവളുടെ എല്ലാം സ്വന്തങ്ങൾക്കും


ദീപാ രാജീവൻ
**(മലയാള വിഭാഗം)**

# പുതപ്പ്

ജയിലിന്റെ ഇരുണ്ടഴിക്കുള്ളിൽ തളച്ചിട്ട ഒരു വന്യമൃഗത്തിന്റെ നിസ്സഹായതയോടെ അന്യമായ തന്റെ കൈകൾ കൊണ്ട് തലയെ താങ്ങി നിർത്തി വിദൂരതയിലേക്ക് നോക്കി നിൽക്കുതകയാണ് അവൻ.മനസുകൾ മരവിച്ച അവൻ ഓർമകൾ അയവിറക്കാൻ ഒരുപാട് പാട് പെടുന്നുണ്ട്.തണുത്ത് വിറയ്ക്കുന്ന ശരീരം അവനൊരു ഭാരമായി തോന്നി.ഒരു പുതപ്പുണ്ടാരുന്നെങ്കിൽ............

പെട്ടെന്ന് അവന്റെ മനസ് പ്രകാശിതമായി തന്റെ മനസ്സിൽ ഓർമകൾ പിണഞ്ഞ് കിടക്കുന്നുണ്ടായിരുന്ന കണ്ണികൾ ഛേദിക്കപ്പെട്ടു. അമ്മ എന്ന വികാരം അവൻ ചുടേകുന്ന പുതപ്പായി മാറി. അമ്മയുടെ തണലിൽ വളർന്ന തേന്തുറു ബാല്യം അവൻ നുണയാൻ തുടങ്ങി. അമ്മയുടെ വാത്സല്യങ്ങൾ നിറഞ്ഞ നിമിഷങ്ങളിൽ ഒരു പൂമ്പാറ്റയെ പ്പോലെ അവൻ പാറി നടന്നു. കാലത്തിന്റെ കുത്തൊഴുക്കിൽ പെട്ടുലഞ്ഞ് മയക്കമരുന്നിനടിമയായി ഈ ജിവിതം ഓർത്ത തന്റെ അമ്മ വേദനിക്കല്ലേ എന്ന് അവൻ പ്രാർത്ഥിച്ചു. ലഹരിക്കടിമയായി മനസ് മരവിച്ച്  അമ്മയെ ദ്രോഹിച്ച് ഈ ഞാൻ പാപം തീരാൻ ഏത് പുണ്യ നദിയിലാണ് അഭയം പ്രാപിക്കേണ്ടത്. തന്റെ ഓർമകളിൽ വിഘ്നം വരുത്തുന്ന ഒരു നേരിയ ശബ്ദം അവൻ കേട്ടു."നീ വരുന്നില്ലേ പ്ലേറ്റ് " കൊണ്ട് ശബ്ദമുണ്ടാക്കി ഉണ്ണി ചോദിച്ചു. ഉണ്ണിയും ആ ജയിലിലെ ഒരു അന്തേവാസിയാണ്. തന്റേതെന്ന് പറയുന്ന പ്ലേറ്റും ഗ്ലാസുമെടുത്ത് അവൻ നടന്നകന്നു. അമ്മയുടെ ഓർമകളിൽ നിന്നും ജീവിതത്തിൽ നിന്നും. അമ്മയുടെ വേദനകളിൽ നിന്നും തണലാകുന്ന പുത്പിനുള്ളിൽ നിന്നും അവൻ മോചനമില്ല.

അനുശ്രീ.എം 10-B

# മൂകസാക്ഷി

കാലമേ നീ വെറും നോക്കുകുത്തി
നിശബ്ദനാം നീ വെറും മൂകസാക്ഷി
യജമാനൻ തൻ ഭാരം ചുമക്കും
കഴുതയായ് നീ മാറുന്നുവോ
തിന്മയെ വാഴ്ത്തി നന്മയെ ചവിട്ടിയുടയ്ക്കുന്നുവോ
ചരിത്രമുറങ്ങും മണ്ണിൽ ധീരരക്തസാക്ഷികളുറങ്ങും
മണ്ണിൽ കാലമേ നീ വെറും നോക്കുകുത്തി
മാനവൻ തൻ ദുഷ്പ്രവൃത്തികളിൽ
നീ കൂട്ടുകൂടുന്നുവോ
വർഗമത ചിന്തകളിൽ വേർതിരിവ് കാട്ടുന്ന
കാട്ടാളവർഗ്ഗത്തിൻ ചെയ്തികൾ കണ്ടിട്ടും
കണ്ടില്ലെന്നു നടിക്കുന്ന കാലമേ
നീ വെറും മൂകസാക്ഷി

ജ്യോത്സ്ന.എ 8-C

## എന്തിനീ ചൂഷണം പ്രകൃതിയോട് ?

കാലവർഷം കൊട്ടും കാലനായ് പെയ്തിട്ട
മാകാശമാകെ കറുത്തു ഇരുണ്ടുപോൽ
കൊടുങ്കാറ്റും  മഴയും ശക്തമായ് പെയ്തിട്ട
മാരാരും ഓടിയൊളിച്ചുപോൽ കുടിലിലും

മാനുഷ്യർ ചെയ്തൊരാ ക്രൂരതക്കൊക്കെയും
തിരിച്ചടിയായ് വന്നെത്തി പ്രളയവും
ഓടിക്കരഞ്ഞ് തളർന്നൊരാജനങ്ങളും
കൈകൂപ്പി പ്രാർഥിച്ചു ദൈവത്തോട്

ആർത്തി കാണിച്ച് പണത്തോടവർ ചെയ്തൊരാ
ക്രൂരതാക്കൊക്കെയും കിട്ടിയീ പാപവും
കോർത്തിണക്കി കൈകൾ കൂട്ടമായ് ചേർത്തവർ
വാർത്തെടുത്തു പുതുകേരളത്തെ

എത്ര ജീവനുകൾ വെലള്ളത്തിലായ് പോൽ
ദുഃഖാന്തര വാർത്ത നാമറിഞ്ഞു
ക്യാമ്പുകൾ നിറഞ്ഞൊരാ മനുഷ്യരിൽതന്നെ
വാത്സല്യത്തോടെവർ കഴിഞ്ഞുകൂടി

ജാതിയില്ലാ മതഭേദമില്ല
എല്ലാവരും നമ്മൾ ഒന്നു തന്നെ

അതുൽ ടി.വി

# നിന്നോട് പറയാനുള്ളത്..

വന്യമാം ജീവസ്മൃതിയിൽ ഉയിർ -
തേടി വന്നണഞ്ഞ സ്വപ്നമേ....
നീ എന്നിൽ സാന്ദ്രമാം ദീപം -
കവർന്നുപോകുകയാണോ ?

ദീർഘമാം വാനിൽ സ്പന്ദനം
ചൊരിഞ്ഞ് നീ മായുവതെന്തേ ?
ഹാ! സ്വപ്നമേ വിരളമാം എൻ
തുടിപ്പിൽ നാദമായ്, വാത്സല്യമായ്
മൃദുവായ് വന്നെന്നിലണയുന്നുവോ ?

കാലാഹിയാൽ കവചിതമാം
എൻ ഉൾതട്ടിൽ സ്വപ്നമാം
തടാകം തീർക്കുന്നുവോ നീ ?
കറുത്ത നിഴലിനെ പടവാളാക്കിയ
നിൻ കരം ഞാൻ വന്ദിക്കുന്നു

പ്രണയിനിയുടെ മുടിയിഴകിൽ
ആർദ്രതയുടെ ചെമ്പനീരായി
നീ തുടിച്ചു നിന്നു
ബാല്യത്തിലവളിൽ കൊച്ചു
തുമ്പിയായ്,സ്നേഹമായ്

പിന്നെ, ദുഖത്തിൻ ചുഴലിയായ്

കൊടുങ്കാറ്റായി പരിണമിച്ചതേന്തേ ?
ചൊല്ലൂ, ഹേ കാറ്റേ നീ എന്തിനു വന്നു ?
എന്തിനെന്നിൽ ചൊരിഞ്ഞു, പിന്നെ
എന്തിനകന്നുപോയ്, നീ ചൊല്ല്

വൈഷ്ണവി വി 10.c

# അമ്മ

അമ്മയാണുലകിലെവിടെയും
സ്നേഹമായുജ്ജ്വലാക്കെ
അമ്മയ്ക്കു പകരമറ്റാ
രുമില്ലെന്നതിനപ്പുറ മൊരു
സത്യമില്ല

അമ്മതൻ മുലപ്പാലിലടങ്ങിയിട്ടുണ്ടുതാൻ
ഒരു വ്യക്തിതൻ കാഴ്ചപ്പാടുപോലും
മലയാളാ ഭാഷപോലുമുച്ചരിക്കുന്നതുതാൻ
മുലപ്പാലിന്റെ മേന്മയല്ലേ

അലിയുന്ന സ്നേഹവും
കവിഞ്ഞൊഴുകുമി വാലത്സല്യവും
കുഞ്ഞു പൈതങ്ങൾക്കുഭാഗ്യസ്മിതം
സമ്പത്തിലുമുയർന്നതാണമ്മ
ജിവന്നു മീതയാണമ്മ

ഒരുപാടു കവികളും പരിപോഷി
പ്പിക്കുന്നു ലോകമെമ്പാടുമമ്മയേയും
ദൈവത്തിനവതാരം ഭൂമിയിൽ
പ്രത്യക്ഷപ്പെട്ടുമെന്തിലതമ്മയാണ-
മ്മയാണന്നു സത്യം

കത്തുന്ന വിളക്കിന്റെ
അണയാത്ത ദീപമായി
അമ്മ ലോകമെമ്പാടും
ഒരു നിഴൽ പോലെയുണ്ടമ്മ

ഭൂമിയുടെ ശബ്ദമാണമ്മ
അമ്മയുടെ കാൽപ്പാടുകൾക്ക്
ഭൂമിയുടെ സാമ്യമുണ്ടെന്നു
ചൊല്ലി എങ്ങും നിറഞ്ഞിരിക്കുന്നമ്മ

ഒരുപാടു കവികളുടെ വിഷയമാ
ണമ്മ ജോജ്ജ് ഓണക്കൂറിന്റെ
നിറ സാന്നിധ്യമായന്ന് ഭൂമിയുടെ
സ്വപ്നവും രചന സ്വപ്നം

റഫീഖഹമ്മദിന്റെ അമ്മത്തൊട്ടിലിലും

അമ്മയാണല്ലോ പ്രമേയമെന്നും

കാമിനി പ്രകാരമാപെറ്റമ്മയെ

ഉപേക്ഷികാനായ് ഇടംതേടി

നടക്കുന്ന മകനാണല്ലോ

അമ്മയുടെ എഴുത്തുകൾ എന്ന കവിതയിലും
മധുസൂധനൻ നായർ നഷ്ടപ്പെടുന്ന

പാര്യമ്പര്യത്തിന്റെ ഓർമ്മ-
കളാണല്ലോ പറയുന്നത്

അതുല്യ.കൃഷ്ണൻ.പി 8-C



ലിറ്റിൽ കൈറ്റ്സിന്റെ ഈ
ചെറിയ സംരംഭത്തിന്
ആശംസകളോടെ.........
ഹെഡ്മിസ്ട്രസ്

